# താങ്കൾ വീണ്ടും ജനിച്ചുവോ?



യേശു നിക്കോദെമൊസിനോട്: “ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല”  എന്നു ഉത്തരം പറഞ്ഞു. നിക്കോദെമൊസ് അവനോടു: “മനുഷ്യൻ വൃദ്ധനായശേഷം ജനിക്കു ന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ”  എന്നു ചോദിച്ചു. അതിന്നു യേശു: “ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനി ച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു. യോഹന്നാൻ 3 : 3 - 6

**വീണ്ടും ജനനം എന്നാൽ എന്ത്?**

ഒരിക്കൽ, തന്നെ സമീപിച്ച നിക്കോദേമോസ് എന്ന യഹൂദ മത പണ്ഡിതനോട് യേശു ക്രിസ്തു ഇപ്രകാരം പറഞ്ഞു "ഒരുവൻ വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ സാധിക്കില്ല." യേശു പറഞ്ഞത് നിക്കോദേമോസിനു മനസ്സിലായില്ല. അദ്ദേഹം ചോദിച്ചു "ഒരുവന് വീണ്ടും അമ്മയുടെ വയറ്റിൽ കടന്ന് ഒരിക്കൽ കൂടി ജനിക്കുവാൻ സാധിക്കുമോ?" അതിന്നു യേശു പറഞ്ഞ മറുപടിയുടെ സാരാംശം ഇതാണ്. ജഡത്തിൽ നിന്ന് ഉളവാക്കുന്നത് എല്ലാം ജഡമയം ആകുന്നു. ജഡശരീരത്തിന് സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ കഴിയില്ല. ആത്മീയ ശരീരത്തിന് മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധിക്കൂ. പാപപങ്കിലമായ ജഡശരീരത്തിൽ വസിക്കുന്ന ആത്മശരീരം പാപഭാരത്താലും ശാപബന്ധനത്താലും അശുദ്ധം ആകുന്നു. അതിനാൽ, ഒരുവൻ ആത്മീയമായി പുതുതായി ജനിച്ചെങ്കിൽ മാത്രമേ, പാപഭാരങ്ങളും ശാപബന്ധനങ്ങളും വിട്ടു ആത്മശരീരം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ പ്രാപ്തി നേടുകയുള്ളൂ. ഇതിന്നായി, ഒരുവൻ ചെയ്ത പാപങ്ങൾ പരിഹരിക്കപ്പെട്ട് പാപത്തിന്റെ ശിക്ഷ ആയ നിത്യമരണത്തിൽ നിന്നും രക്ഷ നേടേണം. ഇത് സാധ്യമാക്കുന്ന ദൈവീക പ്രക്രിയ അത്രേ വീണ്ടും ജനനം.

തിരുവെഴുത്തുകളുടെ മർമ്മങ്ങൾ ഗ്രഹിച്ച വിശുദ്ധ പൗലോസ് അപ്പോസ്തോലൻ ഇതേക്കുറിച്ചു എഴുതിയിരിക്കുന്നതു ഇപ്രകാരം ആകുന്നു. "മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു; നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും. സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല. ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു."

(1 കൊരിന്ത്യർ 15:48-50)

**എന്താണ് പൗലോസ് അപ്പോസ്തോലൻ അർത്ഥമാക്കുന്നത്?**

മണ്ണ് കൊണ്ട് സൃഷ്ടിക്കപ്പെട്ടവരായ ആദി മാതാപിതാക്കൾ ആയ ആദമിന്റെയും ഹവ്വയുടെയും സന്താന പരമ്പരകൾ ആയ എല്ലാ മനുഷ്യരും മണ്ണ് കൊണ്ട് സൃഷ്ടിക്കപ്പെട്ടവരും നമ്മുടെ മരണശേഷം ശരീരം മണ്ണിലേക്ക് തിരികെ ചേരേണ്ടുന്നതും അത്രേ. പക്ഷെ, അമർത്യമായ ആത്മാവ് മരണശേഷവും ജീവിക്കുന്നു. വിശുദ്ധ വേദപുസ്തകം നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു "ഒരിക്കൽ മരണവും ശേഷം ന്യായവിധിയും മനുഷ്യന് നിയമിക്കപ്പെട്ടിരിക്കുന്നു". (ഹെബ്രായർ 9:27)

ആത്മാവിനു വീണ്ടും ഒരിക്കൽ കൂടി മറ്റൊരു ശരീരത്തിൽ ജന്മം എടുത്തു ജീവിതം ശരിയായി ജീവിക്കുവാൻ സാധ്യമല്ല. അതിനാൽ, നമുക്ക് ഭൂമിയിൽ ലഭ്യമായ ഈ ഒരൊറ്റ ജീവിതത്തിൽ തന്നെ നേരായി ജീവിച്ചു മരണശേഷം ഉള്ള നമ്മുടെ ജീവിതം എപ്രകാരം ആയിരിക്കണം എന്ന് ഉറപ്പു വരുത്തേണ്ടത് ആവശ്യം ആകുന്നു.

**എങ്ങനെയാണ് ഒരാൾക്ക് വീണ്ടും ജനിക്കാൻ കഴിയുക?**

ക്രിസ്തീയ കുടുംബത്തിൽ ജനിച്ചത് കൊണ്ടോ പള്ളിയിൽ അംഗം ആയതുകൊണ്ടോ ഏതെങ്കിലും മതത്തിൽ വിശ്വസിച്ചതുകൊണ്ടോ മതകർമങ്ങൾ ചെയ്യുന്നതു കൊണ്ടോ പുണ്യപ്രവർത്തികൾ ചെയ്യുന്നത് കൊണ്ടോ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചത് കൊണ്ടോ ഏതെങ്കിലും ആത്മീയ വ്യക്തികളെ പിൻപറ്റിയതു കൊണ്ടോ വീണ്ടും ജനനം സാധ്യമല്ല എന്ന് ആദ്യമേ ഗ്രഹിക്കേണം. പുണ്യകർമ്മങ്ങൾ മുഖേനയോ ദാനധർമങ്ങൾ ചെയ്യുന്നതുകൊണ്ടോ വീണ്ടും ജനനം സാധ്യമല്ല. ഇവ എല്ലാം, വീണ്ടും ജനനം പ്രാപിച്ച ശേഷം മാത്രമേ ആത്മാവിനു ഗുണം ചെയ്യുകയുള്ളൂ. കാരണം, മനുഷ്യൻ ജഡസ്വഭാവത്തിൽ ജീവിക്കുമ്പോൾ, മനുഷ്യനിലെ ദൈവാംശം ആയ ആത്മാവ് മൃതാവസ്ഥയിൽ ആയിരിക്കുന്നു.

എങ്ങനെ ആകുന്നു വീണ്ടും ജനിക്കുക എന്ന് ചോദിച്ച നിക്കോദേമോസിനോട് യേശു പറഞ്ഞു, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജതാനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു". (യോഹന്നാൻ 3:16-18)

വീണ്ടും ജനനത്തിന്റെ ഒന്നാമത്തെ പടവ് , ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നത്രേ യേശു വ്യക്തമാക്കിയത്. ഒപ്പം, ജീവിതത്തിൽ ചെയ്തുപോയ പാപപ്രവർത്തികളെക്കുറിച്ച് പശ്ചാത്തപിച്ചു മാനസാന്തരപ്പെട്ട് പാപമോചനം നേടേണം. തുടർന്ന്, യേശു കല്പിച്ചതുപോലെ ജലത്തിൽ മുങ്ങി സ്നാനപ്പെടേണം. അപ്പോൾ ദൈവം നിങ്ങളെ പരിശുദ്ധാത്മ ശക്തിയാൽ നിറയ്ക്കും. ( മത്തായി 28 : 19 ; പ്രവർത്തി 2 : 38, 39) ശേഷം, വിശുദ്ധ വചനം അനുസരിച്ചു വിശുദ്ധിയോടെ വേർപാട് ആചരിച്ചും മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ടും ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ചു യേശു ക്രിസ്തുവിന്റെ മടങ്ങി വരവിങ്കൽ എടുക്കപ്പെടുവാൻ ഒരുങ്ങി ജീവിക്കുന്നു.

(1 തെസ്സലോനിക്കർ 4 : 16,17)

ഇതാണ്, വീണ്ടും ജനിച്ചു നിത്യജീവൻ അവകാശം ആക്കുക എന്നതുകൊണ്ട് അർത്ഥം ആക്കുന്നത്

**വീണ്ടും ജനിക്കുവാനായി എന്റെ മതവും പേരും മാറ്റേണ്ടതുണ്ടോ?**

വീണ്ടും ജനിക്കുക എന്നതുകൊണ്ട് മതം മാറുകയോ പേര് മാറ്റുകയോ വസ്ത്ര ധാരണവും ജീവിത സാഹചര്യവും മാറുക എന്നതോ അല്ല. പിന്നെയോ, ദൈവപുത്രനായ യേശു ക്രിസ്തുവിൽ വിശ്വസിച്ചു മാനസാന്തരപ്പെട്ടു പാപമോചനം നേടുക എന്നതാണ്.

## വീണ്ടും ജനിക്കുന്നതിന് ദാനധർമ്മമോ നേർച്ചയോ ആവശ്യമുണ്ടോ?

വീണ്ടും ജനിക്കുവാൻ യാതൊരു ചെലവിന്റെയും ആവശ്യമില്ല. യാതൊരു മതകർമങ്ങളും ആവശ്യമില്ല. ഒരു പുണ്യപ്രവർത്തിയും ചെയ്യേണ്ട. നേർച്ച കൊടുക്കേണ്ട. തീർത്ഥ യാത്ര ആവശ്യമില്ല. പുരോഹിതന്റെ ആവശ്യമില്ല. യാഗത്തിന്റെയോ ബലിയുടെയോ ആവശ്യമില്ല. ഹൃദയം കൊണ്ട് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക മാത്രം മതി. തികച്ചും സൗജന്യമായ നിത്യരക്ഷയുടെ പങ്കുപറ്റുവാനും നിത്യജീവനെ അവകാശം ആക്കുവാനും ഞങ്ങൾ താങ്കളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

താങ്കൾക്ക് ഈ വിഷയത്തെ കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹം ഉള്ള പക്ഷം ഞങ്ങളുമായി ബന്ധപ്പെടുക.

ഇപ്പോൾ, താങ്കൾക്ക് ഈ വിഷയം ഗ്രഹിക്കുവാൻ സാധിച്ചു എന്ന് വരികിൽ, ഒട്ടും വൈകാതെ ഞങ്ങളോടൊത്തു ഇപ്രകാരം പ്രാർത്ഥിക്കുക.

എന്നെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവാം ദൈവമേ, ജഡപ്രകാരം ഉള്ള എന്റെ പാപജീവിതത്തെക്കുറിച്ചു എനിക്ക് ഇപ്പോൾ ബോധ്യം ആയിരിക്കുന്നു. അവിടുത്തെ പുത്രൻ ആയ യേശുവിൽ ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എല്ലാം എന്നോട് ക്ഷമിക്കേണമേ. പരിശുദ്ധാത്മാവേ, എന്നിൽ മാനസാന്തരം ഉളവാക്കേണമേ. ഇനി മേലിൽ ഞാൻ പാപവഴികൾക്കു എന്നെ ഏല്പിച്ചു കൊടുക്കില്ല എന്ന് തീരുമാനിക്കുന്നു. യേശുവേ, എന്നെ അവിടുത്തെ രക്തത്താൽ കഴുകി ശുദ്ധീകരിക്കേണമേ. ഞാൻ എന്നെ പൂർണമായി ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. എന്നെ രക്ഷിച്ചു വഴിനടത്തേണമേ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.

പ്രിയസഹോദരാ/സഹോദരീ, എത്രയും വേഗം താങ്കളുടെ സമീപത്തുള്ള ഒരു ദൈവദാസനുമായി ബന്ധപ്പെട്ടു മാനസാന്തരത്തേക്കുറിച്ചും വിശുദ്ധ ജീവിതത്തെക്കുറിച്ചും യേശുക്രിസ്തു കല്പിച്ച സ്നാനത്തെക്കുറിച്ചും പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചും കൂടുതൽ ഗ്രഹിച്ചിട്ടു സ്വമനസ്സാലെ സ്നാനപ്പെടുവാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.

താങ്കൾക്ക് കൂടുതൽ വിവരങ്ങൾ ആവശ്യം എങ്കിൽ, താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെട്ടാലും. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

Tract Number: BGM/02/MLM/2022.

Published by **Bethania Gospel Ministry**.

WhatsApp : **+91 9633632889**

e-Mail: **bethaniagospelministry@gmail.com**

URL: **https://bethaniagospelministry.com**